(സി) ഇപ്രകാരം തസ്തികകൾ നിർത്തലാക്കുന്നതുമൂലം ഉളവാകുന്ന അദ്ധ്വാനഭാരം എപ്രകാരം ക്രമീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത തസ്തികകൾ നിർത്തലാക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവിറക്കിയോ ?

ഉത്തരം

(എ) 3-7-2010-ലെ ജി. ഒ(എം.എസ്)31/2010/വിജി.നമ്പർ ഉത്തരവു പ്രകാരം സംസ്ഥാന വിജിലൻസ് വിഭാഗത്തിലെ 30 പോലീസ് സബ് ഇൻസ്പെക്ടർമാരുടെ തസ്തികകൾ പോലീസ് ഇൻസ്പെക്ടർമാരുടെ തസ്തികകളാക്കി ഉയർത്തിയിട്ടുണ്ട്.

(ബി) ഇൻസ്പെക്ടർ റാങ്ക് മുതലുള്ള ഉദ്യോഗസ്ഥനു മാത്രമേ വിജിലൻസ് കേസ്സുകളും, അന്വേഷണങ്ങളും നടത്താനുള്ള അധികാരമുള്ളൂ എന്നതിനാൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിലവിലുള്ള സബ് ഇൻസ്പെക്ടർമാരുടെ തസ്തികകളിൽ പോലീസ് ഇൻസ്പെക്ടർമാരുടേതാക്കി ഉയർത്തുകയാണുണ്ടായത്.

(സി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ പോലീസ് സബ് ഇൻസ്പെക്ടർ തസ്തിക മുതൽ താഴോട്ടുള്ള ഉദ്യോഗസ്ഥർ അന്വേഷണോദ്യോഗസ്ഥന്മാരെ സഹായിക്കുക എന്ന ചുമതലമാത്രമാണ് നിർവ്വഹിക്കുന്നത്.വിജിലൻസ് അന്വേഷണങ്ങളുടെയും കേസ്സുകളുടെയും അന്വേഷണം നടത്താൻ പോലീസ് ഇൻസ്പെക്ടർ റാങ്ക് മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്കേ അധികാരമുള്ളൂ. ആയതിനാൽ പോലീസ് ഇൻസ്പെക്ടർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതുവഴി കെട്ടിക്കിടക്കുന്ന കേസ്സുകളും, അന്വേഷണങ്ങളും ത്വരിതഗതിയിൽ നടത്തുവാനും, അപ്രകാരം അന്വേഷണ ഉദ്യോഗസ്ഥരുടെ അദ്ധ്വാനഭാരം ലഘൂകരിക്കുവാനും സാധിക്കും. ഇതുവഴി വിജിലൻസ് കേസ്സുകളുടേയും അന്വേഷണങ്ങളുടേയും തീർപ്പാക്കൽ നിരക്ക് വർദ്ധിപ്പിക്കുവാനും കഴിയും.

(ഡി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ 30 സബ് ഇൻസ്പെക്ടർമാരുടെ തസ്തികകൾ ഇൻസ്പെക്ടർമാരുടേതാക്കി ഉയർത്തിക്കൊണ്ടാണ് 3-7-2010-ലെ ജി.ഒ (എം.എസ്) 31/2010. വിജി. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

ആലപ്പുഴ നഗരത്തിലെ അഗ്നിശമന സ്റ്റേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

65 (5981) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ നഗരത്തിലെ അഗ്നിശമന സേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആധുനിക സൗകര്യങ്ങളോടുകൂടി ടി സ്റ്റേഷന്റെ പ്രവർത്തനം മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ആലപ്പുഴ സ്റ്റേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വാട്ടർ ടെണ്ടർ, സ്പീഡ് ബോട്ട് വിത്ത് റെസ്ക്യൂ എക്യൂപ്മെന്റ്സ്, റബർ ഡിങ്കി വിത്ത് ഔട്ട് ബോർഡ് എഞ്ചിൻ, അണ്ടർ വാട്ടർ ബ്രീത്തിംഗ് അപ്പാരറ്റസ് സെറ്റ്, ഇൻഫ്ളാറ്റബിൾ ടവർ ലൈറ്റ്, ചെയിൻസോ, ഫോൾഡിംഗ് സ്ട്രച്ചർ, വാട്ടർ മിസ്റ്റ് ഫയർ ഫൈറ്റിംഗ് സിസ്റ്റം, ഡെലിവറി ഹോസ് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

തടവുചാടിയവരെ പിടികൂടുന്നതിനായി പ്രാഗത്ഭ്യമുള്ള പോലീസുകാരെ ഉൾപ്പെടുത്തി ഒരു പ്രത്യേക സ്കാഡ്

67 (5984) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിലുകളിൽ നിന്നും തടവു ചാടിയിട്ടുള്ള എത്രപേരെ പിടികൂടാനുണ്ട് ;

(ബി) ഇങ്ങനെ പിടികിട്ടാനുള്ളവർ ആരെല്ലാമാണ് ; ഇവർ ഓരോരുത്തരും ഏതെല്ലാം ജയിലുകളിൽ നിന്നും ഏതു കേസ്സുകളിൽ ശിക്ഷ അനുഭവിച്ചു വന്നവർ ആയിരുന്നു എന്നും, തടവുചാടിയ അവസരത്തിൽ പെൻഡിംഗ് കേസ്സുകൾ ഏതൊക്കെ എന്നും വിശദമാക്കുമോ ;

(സി) ഇവരിൽ ശിക്ഷിക്കപ്പെട്ട പ്രതികൾ, വിചാരണ തടവുകാർ എന്നിങ്ങനെ ഓരോരുത്തരുടേയും കേസുകളുടെ സ്വഭാവം എന്ത് എന്ന് വിശദമാക്കുമോ ;

(ഡി) പേട്ട സ്വദേശി റിപ്പർ സുനിൽ എന്ന സുനിൽകുമാർ എന്നാണ് ജയിലിൽ നിന്നും രക്ഷപ്പെട്ടത് ; ഇയാളെ പിടികൂടുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചു ;

(ഇ) തടവു ചാടിയവരെ പിടികൂടുന്നതിനായി പ്രാഗത്ഭ്യമുള്ള പോലീസുകാരെ ഉൾപ്പെടുത്തി ഒരു പ്രത്യേക സ്കാഡ് ഉണ്ടാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) 31-12-2007-ൽ. 2-1-2008-ൽ അറസ്റ്റ് ചെയ്ത് തിരികെ ജയിലിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly